എൻ.എം(എ)3/66270/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 10 -11-2016

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണ പദ്ധതി-കണ്ടിജന്റ് ചാർജ്ജ്, പാചക തൊഴിലാളികളുടെ വേതനം എന്നിവ വർദ്ധിപ്പിച്ചത് സംബന്ധിച്ചു ഗവൺമെന്റ് ഉത്തരവ് നടപ്പിലാക്കുന്നത്- സംബന്ധിച്ച്.

സൂചന:-സർക്കാർ ഉത്തരവ് നം. സ.ഉ (സാധാ)നം. 2911/2016/പൊ.വി.വ തീയതി 5/09/2016.

സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി നടത്തുന്നതിനോടനുബന്ധിച്ച് അനുവദിക്കുന്ന കണ്ടിജന്റ് ചാർജ്ജ്, പാചകതൊഴിലാളികളുടെ വേതനം എന്നിവ സൂചനയിലെ സർക്കാർ ഉത്തരവു പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ടി ഉത്തരവ് അനുസരിച്ച് കണ്ടിജന്റ് ചാർജ്ജ്, പാചകതൊഴിലാളികളുടെ വേതനം എന്നിവ അനുവദിക്കുന്നതിനായി താഴെപറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പുതിയ നിരക്കിലുള്ള കണ്ടിജന്റ്ചാർജ്ജ്, പാചകതൊഴിലാളികളുടെ വേതനം എന്നിവയ്ക്ക് 5-9-2016 മുതൽ പ്രാബല്യം ഉണ്ടാകുന്നതാണ്. മുൻകാല പ്രാബല്യം നൽകി കണ്ടിജന്റ് ചാർജ്ജോ പാചകതൊഴിലാളികളുടെ വേതനമോ അനുവദിക്കുവാൻ പാടുള്ളതല്ല.

2. ആവറേജ് ഫീഡിംഗ് സ്ട്രെങ്ങ്തിന്റെ അടിസ്ഥാനത്തിലാണ് കണ്ടിജന്റ് ചാർജ്ജ് അനുവദിച്ച് നൽകേണ്ടത്.150 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ങ്ത് ഉള്ള സ്കൂളുകളിൽ കുട്ടിയൊന്നിന് 8/- രൂപ എന്ന നിരക്കിലാണ് കണ്ടിജന്റ്ചാർജ്ജ് പാസ്സാക്കി നൽകേണ്ടത്. 150 ന് മുകളിൽ ഫീഡിംഗ് സ്ട്രെങ്ങ്ത് ഉണ്ടായിരിക്കുകയും എന്നാൽ 500 ന് മുകളിൽ ഫീഡിംഗ് സ്ട്രെങ്ങ്ത് ഇല്ലാത്ത സ്കൂളാണെങ്കിൽ ആദ്യത്തെ 150 കുട്ടികൾക്ക് കുട്ടിയൊന്നിന് 8/- രൂപ നിരക്കിലും 151 മുതൽ 50 വരെയുള്ള 350 കുട്ടികൾക്ക് കുട്ടിയൊന്നിന് 7/- രൂപ എന്ന നിരക്കിലുമാണ് കണ്ടിജന്റ്ചാർജ്ജ് അനുവദിക്കേണ്ടത്.

3. ആവറേജ് ഫീഡിംഗ് സ്ട്രെങ്ങ്ത് 500 ന് മുകളിലാണെങ്കിൽ ആദ്യത്തെ 150 കുട്ടികൾക്ക് കുട്ടിയൊന്നിന് 8/- രൂപ 151 മുതൽ 500 വരെയുള്ള 350 കുട്ടികൾക്ക് കുട്ടിയൊന്നിന് 7/- രൂപ 500 ൽ കൂടുതൽ ഉള്ള കുട്ടികൾക്ക് കുട്ടിയൊന്നിന് 6/- രൂപ എന്ന നിരക്കിൽ കണ്ടിജന്റ് ചാർജ്ജ് അനുവദിക്കേണ്ടതാണ്.

**<u>കണ്ടിജന്റ് ചാർജ്ജ് കണക്കാക്കുന്നതിനുള്ള ഉദാഹരണങ്ങൾ</u>**

1. ഫീഡിംഗ് സ്ട്രെങ്ങ്ത് - 120
   കണ്ടിജന്റ് ചാർജ്ജ് =120X8
   =960/- രൂപ

2. ഫീഡിംഗ് സ്ട്രെങ്ത് - 410
   കണ്ടിജന്റ് ചാർജ്ജ് =150X8+260X7
   = 1200+1820
   = 3020/- രൂപ

3. ഫീഡിംഗ് സ്ട്രെങ്ത് - 520
   കണ്ടിജന്റ് ചാർജ്ജ് = 150X8+350X7+20X6
   = 1200+2450+120
   = 3770/- രൂപ

**പാചകതൊഴിലാളികളുടെവേതനം:**

ഉച്ചഭക്ഷണം കഴിക്കുവാൻ അംഗീകാരം നൽകിയിട്ടുള്ള കുട്ടികളുടെ എണ്ണത്തിനെ അടിസ്ഥാനപ്പെടുത്തിയാണ് പാചകതൊഴിലാളികളുടെ വേതനം കണക്കാക്കേണ്ടത്. 500 കുട്ടികൾ വരെ ഫീഡിംഗ് സ്ട്രെങ്ത് ഉള്ള സ്കൂളിൽ ഒരു പാചകതൊഴിലാളിയെയാണ് നിയമിക്കേണ്ടത്. ടി തൊഴിലാളിക്ക് താഴെ പറയും പ്രകാരം വേതനം അനുവദിക്കുന്നതാണ്.

5-9-2016 ലെ സർക്കാർ ഉത്തരവനുസരിച്ച് 500 കുട്ടികൾ വരെ ഒരു പാചകതൊഴിലാളി എന്ന തോതിലും 500 നു മുകളിൽ കുട്ടികളുള്ള സ്കൂളുകളിൽ രണ്ട് പാചകതൊഴിലാളികൾക്കും തുല്യവേതനം എന്ന നിലയിലുള്ള അവസ്ഥ തുടരാനും ഉത്തരവായിട്ടുണ്ട്. കൂടാതെ 150 വരെ കുട്ടികൾ ഉള്ള സ്കൂളുകളിൽ പാചകതൊഴിലാളികളുടെ കുറഞ്ഞ ദിവസവേതനം 400 രൂപയായും 150-ൽ കൂടുതലുള്ള ഓരോ കുട്ടിക്കും 25 പൈസ എന്ന തോതിൽ അധികം കണക്കാക്കി പരമാവധി ദിവസ വേതനം 475/- രൂപ നൽകുവാനും ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം സ്കൂളുകളിലെ പാചകതൊഴിലാളിക്ക് വേതനം അനുവദിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ഫീഡിംഗ് സ്ട്രെങ്ത് 150 വരെയുള്ള സ്കൂളാണെങ്കിൽ മിനിമം വേതനമായ 400/- രൂപ തൊഴിലാളിക്ക് നൽകേണ്ടതാണ്.

ഫീഡിംഗ് സ്ട്രെങ്ത് 150 ന് മുകളിലും 450 വരെയുമാണെങ്കിൽ താഴെ പറയും പ്രകാരം വേതനം കണക്കാക്കേണ്ടതാണ്.

150 കുട്ടികൾ വരെ മിനിമം വേതനമായ 400 രൂപയും 150ൽ അധികമായി വരുന്ന 300 കുട്ടികൾക്കും കുട്ടി ഒന്നിന് 25 പൈസ എന്ന നിരക്കിൽ കണക്കാക്കിയുള്ള തുക കൂടിചേർത്ത് നൽകേണ്ടതാണ്.

മറ്റു ചില ഉദാഹരണങ്ങൾ ഫീഡിംഗ് സ്ട്രെങ്ത് 350.

മിനിമം വേതനം 400 രൂപ + അധികമുള്ള കുട്ടികളായ 200 X 0.25
400 + 50
= <u>450/-</u>

<u>ഫീഡിംഗ്സ്ട്രെങ്ത് 445</u>

വേതനം = 400+295 X0.25
= 400+73.75
= 400+74
= <u>474/-</u>

ഫീഡിംഗ് സ്ട്രെങ്ത് 451 മുതൽ 500 വരെയാണെങ്കിൽ ടി പാചകതൊഴിലാളിക്ക് 475/- രൂപ വേതനമായി നൽകേണ്ടതാണ്.

ഫീഡിംഗ്സ്ട്രെങ്ത് 500 ന് മുകളിലാണെങ്കിൽ സ്കൂളിൽ രണ്ട് പാചകതൊഴിലാളികളെ നിയമിക്കേണ്ടതാണ്. അവർക്കുള്ള വേതനം താഴെ പറയും പ്രകാരം നൽകേണ്ടതാണ്. മിനിമം പാചകക്കൂലിയായ 400/- രൂപ എന്ന നിരക്കിനെ അടിസ്ഥാനപ്പെടുത്തി ആദ്യത്തെ 300 കുട്ടികൾക്ക് ഓരോ പാചകതൊഴിലാളികൾക്കും 400/- രൂപ വീതവും 300 നു മുകളിൽ അധികമായി വരുന്ന കുട്ടിയൊന്നിനു 25 പൈസ നിരക്കിൽ കണക്കാക്കി ലഭിക്കുന്ന തുകയെ തുല്യമായി വീതിച്ച് രണ്ടു പാചകതൊഴിലാളികൾക്കും അനുവദിക്കേണ്ടതാണ്.

കണക്കാക്കുന്ന രീതി:-

ഫീഡിംഗ് സ്ട്രെങ്ത് - 540

ഓരോ കുക്കിന്റെയും വേതനം - 400 +( (540-300) X 0.25)/2=400+30=430/-

ഫീഡിംഗ് സ്ട്രെങ്ത് 900 ന് മുകളിലാണെങ്കിൽ സ്കൂളിലെ രണ്ട് പാചക തൊഴിലാളികൾക്കും 475/- രൂപാ വീതം വേതനമായി നൽകേണ്ടതാണ്.

<u>പാചകത്തിന് എൽ.പി.ജി ഉപയോഗിക്കുന്നത് സംബന്ധിച്ച്</u>

3-3-2016 ലെ സ.ഉ (സാധാ) 948/2016/പൊ.വി.വ അനുസരിച്ചുള്ള പരിഷ്കരിച്ച നിരക്കിലുള്ള കണ്ടിജന്റ് ചാർജ്ജ് ലഭ്യമാക്കുന്നതിന് പാചകം എൽ.പി.ജി മുഖേന ആയിരിക്കണം എന്ന നിബന്ധന സർക്കാർ ഒഴിവാക്കിയിട്ടില്ല.

ആയതിനാൽ നിലവിൽ ഉച്ചഭക്ഷണം പാകം ചെയ്യുവാൻ എൽ.പി.ജി ഉപയോഗിക്കാത്ത സ്കൂളുകൾ ഈ അദ്ധ്യയന വർഷാവസാനത്തോടെ പാചകത്തിന് എൽ.പി.ജി ഉപയോഗിക്കുന്നതാണ് എന്നുള്ളതിനുള്ള സ്കൂൾ പ്രഥമാദ്ധ്യാപകന്റെ രേഖാമൂലമുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ മാത്രമേ 5-9-2016 ലെ ഉയർന്ന നിരക്കിലുള്ള കണ്ടിജന്റ് ചാർജ്ജ് അനുവദിക്കാൻ പാടുള്ളൂ. കൂടാതെ എല്ലാ സംസ്ഥാനങ്ങളിലെയും സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് വിറകിന് പകരം എൽ.പി.ജി ഉപയോഗിക്കണമെന്ന് കേന്ദ്ര മാനവ വിവഭശേഷി വികസന വകുപ്പ് മന്ത്രാലയത്തിന്റെ കർശന നിർദ്ദേശമുണ്ട് എന്ന കാര്യവും അറിയിക്കുന്നു.

വി.കെ.ശ്യാമ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(നൂൺമീൽ)
ഇൻചാർജ്ജ്
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി